## പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 269 — 09-06-2014 ന് മറുപടിയ്ക്ക്

### മുല്ലപ്പെരിയാർ പ്രദേശത്തെ സസ്യജീവജാലങ്ങളുടെ സംരക്ഷണം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീമതി. ഇ.എസ്. ബിജിമോൾ**<br>**ശ്രീ. ഇ.കെ. വിജയൻ**<br>**ശ്രീ. പി. തിലോത്തമൻ**<br>**ശ്രീ. വി.എസ്. സുനിൽ കുമാർ** | **ശ്രീ തിരുവഞ്ചൂർ രാധാകൃഷ്ണൻ**<br>**(ബഹു. വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി)** |
| (എ) മുല്ലപ്പെരിയാർ ഡാമിലെ ജലനിരപ്പ് ഉയർത്തുമ്പോൾ വന്യജീവി മേഖലയിൽ ഉണ്ടാകുന്ന പ്രശ്നങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ; | (എ) മുല്ലപ്പെരിയാർ ഡാമിലെ ജലനിരപ്പ് 136 അടിയിൽ നിന്ന് 142 അടിയായി ഉയർത്തുന്ന പക്ഷം അപൂർവ്വ സസ്യ-ജന്തു ജാലങ്ങളുടെയും വന സസ്യങ്ങളുടെയും ആവാസ വ്യവസ്ഥയായ 5.68 ച.കി.മീറ്റർ (568 ഹെക്ടർ) പ്രദേശം മുങ്ങി പോകുന്നതാണ്. വന ആവാസ വ്യവസ്ഥയുടെ നിലവിലുള്ള സന്തുലിതാവസ്ഥയ്ക്ക് വ്യതിയാനം ഉണ്ടാക്കുന്ന ജലനിരപ്പുയർത്തൽ കേന്ദ്ര നിയമങ്ങളായ 1972-ലെ വൈൽഡ് ലൈഫ് (പ്രൊട്ടക്ഷൻ) ആക്ടിന്റേയും 1980 ലെ ഫോറസ്റ്റ് (കൺസർവേഷൻ) ആക്ടിന്റേയും ലംഘനമാകുന്നതാണ്. |
| (ബി) ജലനിരപ്പ് ഉയരുമ്പോൾ എത്ര ഹെക്ടർ വനഭൂമി വെള്ളത്തിനടിയിലാകാൻ സാദ്ധ്യതയുണ്ട്; ഈ പ്രദേശത്തെ സസ്യജീവ ജാലങ്ങളെ സംരക്ഷിക്കുന്നതിന് എന്തെങ്കിലും പദ്ധതികളുണ്ടോ, ഉണ്ടെങ്കിൽ വ്യക്തമാക്കുമോ? | (ബി) മുല്ലപ്പെരിയാർ ഡാമിലെ ജലനിരപ്പ് 136 അടിയിൽ നിന്ന് 142 അടിയായി ഉയർത്തുന്ന പക്ഷം പെരിയാർ ടൈഗർ റിസർവിലെ 568 ഹെക്ടർ വനഭൂമി വെള്ളത്തിനടിയിലാകാൻ സാധ്യതയുണ്ട്. നിലവിൽ പ്രോജക്ട് ടൈഗർ, പ്രോജക്ട് എലിഫന്റ് എന്നീ പദ്ധതികൾ ഈ വനഭൂമി ഉൾപ്പെടുന്ന പെരിയാർ ടൈഗർ റിസർവിൽ നടപ്പിലാക്കി വരുന്നുണ്ട്. |

Adithya

സെക്ഷൻ ഓഫീസർ